**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **06-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമായി കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ; ഇതിൽ എത്ര പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 71 ആശുപത്രികളെയാണ് കിഫ്ബി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരെഞ്ഞെടുത്തിട്ടുള്ളത്. അവയുടെ പ്രവർത്തനങ്ങൾക്കായി ആകെ 4375.986 കോടി രൂപയുടെ (നാലായിരത്തി മുന്നൂറ്റി എഴ പത്തിയഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 21 സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിലും 50 സ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്യുന്ന ഘട്ടത്തിലുമാണ്.<br><br>തലശ്ശേരി മലബാർ കാൻസർ സെന്ററിനെ ഓങ്കോളജി സയൻസ് & റിസർച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനും ഗസ്റ്റ്ഹൗസ് നിർമ്മാണത്തിനുമായി കിഫ്ബി മുഖാന്തിരം ആകെ 765.13 കോടി (എഴുനൂറ്റി അറുപത്തിയഞ്ച് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>കൂടാതെ കിഫ്ബി മുഖാന്തിരം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 355 കോടി ( മുന്നൂറ്റി അൻപത്തി അഞ്ച് കോടി മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.<br><br>സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ മെഡിക്കൽ കോളേജുകളിലെ 13 വിഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 3037.73 കോടി (മൂവായിരത്തി മുപ്പത്തി ഏഴ് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച വിവിധ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ടും എം.എൽ.എ ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ആകെ 636.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആദ്യഘട്ടത്തിൽ 90 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ